"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

സംഗ്രഹം

സാമൂഹ്യനീതിവകുപ്പ്- കലാകായിക രംഗങ്ങളിൽ മികവ് പുലർത്തുന്ന ഭിന്നശേഷിക്കാർക്കുള്ള ധനസഹായ പദ്ധതി 'ശ്രേഷ്ഠം' 2021-22 - ഭരണാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

സാമൂഹ്യനീതി (ഡി) വകുപ്പ്

സ.ഉ.(സാധാ) നം.551/2021/സാ.നീ.വ തീയതി,തിരുവനന്തപുരം, 09/08/2021

പരാമർശം:- 1. സാമൂഹ്യനീതി ഡയറക്ടറുടെ 26.05.2021ലെ SJD/378/2020-D1 നമ്പർ കത്ത്.

2. 25.06.2021ലെ വർക്കിംഗ് ഗ്രൂപ്പ് യോഗത്തിന്റെ മിനിട്ട്സ്.

ഉത്തരവ്

സാമ്പത്തിക ശേഷി കുറഞ്ഞവരും, 40% വും അതിനു മുകളിലും ഭിന്നശേഷിത്വമുള്ളവരുമായ RPWD Act അനുശാസിക്കുന്ന എല്ലാ വിഭാഗം ഭിന്നശേഷിക്കാർക്കും ഡിസെബിലിറ്റി സർട്ടിഫിക്കറ്റിന്റെയും, കലാ കായിക രംഗത്തെ മികവിന്റെയും അടിസ്ഥാനത്തിൽ ആനുകൂല്യം അനുവദിക്കുന്ന പദ്ധതിയാണ് 'ശ്രേഷ്ഠം'. ഒരു ജില്ലയിലെ കലാമേഖലയിൽ നിന്നുള്ള 5 പേർക്കും കായിക മേഖലയിൽ നിന്നുള്ള 5 പേർക്കുമായി ആകെ 10 പേർക്ക് 10,000/- രൂപ വീതം അനുവദിക്കുന്നതിന് 14 ജില്ലകൾക്കുമായി ആകെ 14,00,000/- രൂപ (പതിനാല് ലക്ഷം രൂപ മാത്രം) ചെലവ് പ്രതീക്ഷിക്കുന്നുവെന്നും ടി തുക പാർശ്വവൽക്കരിക്കപ്പെട്ട ജനവിഭാഗങ്ങൾക്കുള്ള നൂതന പദ്ധതി 2235-60-200-83-പ്ലാൻ എന്ന ശീർഷകത്തിൽ നിന്നും വഹിക്കുന്നതിന് അനുമതി ലഭ്യമാക്കണമെന്നും പരാമർശം (1) പ്രകാരം സാമൂഹ്യനീതി ഡയറക്ടർ അഭ്യർത്ഥിച്ചിരുന്നു.

2. 25.06.2021ലെ വർക്കിംഗ് ഗ്രൂപ്പ് യോഗം പ്രസ്തുത പ്രൊപ്പോസലിന് അംഗീകാരം നൽകി.

3. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. കലാകായിക രംഗങ്ങളിൽ മികവ് പുലർത്തുന്ന ഭിന്നശേഷിക്കാർക്കുള്ള ധനസഹായ പദ്ധതി 'ശ്രേഷ്ഠം' 2021-22 നടപ്പിലാക്കുന്നതിന് 14,00,000/- രൂപ (പതിനാല് ലക്ഷം രൂപ മാത്രം) നടപ്പു സാമ്പത്തിക വർഷത്തിലെ 2235-60-200-83-പ്ലാൻ ശീർഷകത്തിൽ നിന്നും ചെലവഴിക്കുന്നതിന് സാമൂഹ്യ

നീതി ഡയറക്ടർക്ക് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
Nazarudeen A
ജോയിന്റ് സെക്രട്ടറി

ഡയറക്ടർ, സാമൂഹ്യനീതി വകുപ്പ്, തിരുവനന്തപുരം

ഭിന്നശേഷിക്കാർക്കായുള്ള സംസ്ഥാന കമ്മീഷണർ, ആഞ്ജനേയ, ശാസ്തമംഗലം, തിരുവനന്തപുരം

അക്കൌണ്ടന്റ് ജനറൽ( എ&ഇ/ജി&എസ്.എസ്.എ),കേരള, തിരുവനന്തപുരം

ധനകാര്യ വകുപ്പ്

ട്രഷറി ഓഫീസർ, ജില്ലാ ട്രഷറി, തിരുവനന്തപുരം

സാമൂഹ്യനീതി(എ) വകുപ്പ് (Vide item No.3)

ആസൂത്രണസാമ്പത്തികകാര്യവകുപ്പ്

ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് (വെബ് & ന്യൂ മീഡിയ) വകുപ്പ്

സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Signed by Jasmine Thomas
Date: 10-08-2021 11:05:48
Reason: Approved
സെക്ഷൻ ഓഫീസർ

Copy to:- PS TO Chief Minister

PS to Minister(Higher Education & SJD)